T61
R14

# വെള്ളിത്തോണി

കെ. കെ. രാജാ

(ഒന്നാംപതിപ്പ് ൧൦൦൦)

൧൧൨൦

തൃശ്ശിവപേരൂർ
മംഗളോദയം പ്രസ്സിൽ അച്ചടിച്ചത്

(പകൎപ്പവകാശം ഗ്രന്ഥകൎത്താവിന്നു്)

വില പന്ത്രണ്ടണ

P. 23.
DEFINITORY T. O. C. D. LIBRARY No 12776 CANCELLED
T61/R14
DHARMARAM COLLEGE LIBRARY BANGALORE 4175

# വിഷയാനുക്രമം.


| വിഷയം. | ഭാഗം. | വൃത്തം. |
|---|---|---|
| അഴകിനോട്ട് | ൧ | കേക |
| നീന്തൽ | ൨ | ,, |
| ഭണ്ഡാരം മോഷ്ടിച്ചു | ൩ | ,, |
| രാജാവിന്റെ ചിരി | ൪ | ,, |
| തീർത്ഥയാത്ര | ൫ | പാട്ട് |
| കാരാഗൃഹത്തിൽ | ൬ | കേക |
| പൌരോഹിത്യം | ൭ | ,, |
| കൈരളീപ്രാർത്ഥന | ൮ | മഞ്ജരി |
| അദ്ധ്യാപകപ്രാർത്ഥന | ൧൧ | കേക |
| നന്തനാരുടെപ്രാർത്ഥന | ൧൨ | ,, |
| സംതൃപ്തൻ | ൧൩ | (സംസ്കൃതത്തിൽനിന്ന്) ശ്ലോകം |
| മനുഷ്യപാണ്ഡിത്യം | ൧൫ | ,, |
| ചെപ്പടിവിദ്യ | ൧൭ | ,, |
| രഹസ്യമില്ല | ൨൦ | ,, |
| ക്ഷമാപണം | ൨൨ | കേക |

| വിഷയം | ഭാഗം | വൃത്തം |
|---|---|---|
| ഷഷ്ടിപൂർത്തി | ൨൪ | ശ്ലോകം |
| കാവ്യസ്വരൂപം | ൨൯ | ,, |
| കരുണാദർശനം | ൩൦ | പാട്ട് |
| കല്പന നടക്കട്ടെ | ൩൧ | കേക |
| വാതൽ തുറക്കണേ | ൩൩ | മഞ്ജരി |
| വെള്ളിത്തോണി | ൩൪ | കേക |


---

4-ാം ഭാഗത്തിൽ 'മാപ്പേകിനാൻ' എന്നതു് 'മാപ്പേകിനേൻ' എന്നും, 13-ാം ഭാഗത്തിൽ 'അലമ്പം' എന്നതു് 'അമ്പലം' എന്നും വായിക്കേണ്ടതാണു്.

# അവതാരിക.

ഗ്രന്ഥാവതരണത്തിനു പകരം അവതാരക നെ അവതരിപ്പിക്കുക എന്ന പതിവു പ്രചാരത്തിൽ വരുത്തുകയാണു് ഉദ്ദേശമെങ്കിൽ, മനോഹരമായ ഈ 'വെള്ളിത്തോണി'യുടെ അമരത്തലയ്ക്കൽ ഇയ്യുള്ളവൻ കയറി സ്ഥലം പിടിക്കുന്നതുകൊണ്ടു് അനൌചിത്യദോഷത്തിനു് അവകാശമില്ല. പക്ഷേ, ഇല്ലാത്ത ശക്തികളെല്ലാം ഉണ്ടെന്നു തോന്നിക്കുന്നതിനു നിയാമകമായി കാണുന്ന ഒരു മാതിരി രക്തം അത്രമാത്രം തിളച്ചു കയറാത്തതുകൊണ്ടായിരിക്കാം അങ്ങനെ സ്വയം അവതരിക്കുന്നതിൽ ഒരു സങ്കോചം തോന്നിപ്പോകുന്നതു്. ഏതായാലും, സാഹിത്യരംഗത്തിലേക്കുള്ള എൻെറ തിരപ്പുറപ്പാടു വെള്ളിത്തോണിയിൽക്കൂടെത്തന്നെയാവണമെന്നു വിധിച്ച ഗ്രന്ഥകാരൻെറ ഭാവനാസക്തിയോ സ്നേഹശക്തിയോ അധികം വലുതെന്നു് ഇനിയും തീച്ചയാവുക കഴിഞ്ഞിട്ടില്ല.

കവിയുടെ സാമ്രാജ്യത്തിനു് അതിരിടുക അസാദ്ധ്യമാണു്. നവംനവങ്ങളും അവസാനരഹിതങ്ങളുമായ അലകൾ നിറഞ്ഞ അമുദ്രമായ സമുദ്രത്തിലാണു

കവിക്കു കേളിയാടേണ്ടതു്. അനന്തമായ ആകാശത്തും, ആരാമത്തിലെ മരത്തിന്മേലും, കൊട്ടാരത്തിലെ കേളീസൌധത്തിലും, ദരിദ്രൻെറ ശ്മശാനത്തിലും തന്നെത്താൻ മറന്നു പാടിക്കൊണ്ടിരിക്കുന്ന കവി കോകിലത്തിനെ കാണുമാറുണ്ടു്.

'ഉള്ളുലരെട്ടത്ത വിലോല മുരളിയും
വള്ളത്തോളിൻെറ വിപഞ്ചികയും
തേടിയിട്ടില്ലാത്ത നൃത്തകാവ്യധ്വനി
കോടി കോടിക്കണക്കുണ്ടിനിയും'.

(കൈരളീപ്രാത്ഥന)

എന്നു സ്വാനുഭവംകൊണ്ടു 'വെള്ളിത്തോണി'യുടെ കത്താവിനു ബോധം വന്നിട്ടുമുണ്ടു്. ഒരേ ഒരു പന്ഥാവിൽക്കൂടി എപ്പോഴും പ്രയാണം ചെയ്യില്ല വായനക്കാക്കു വിരസത ചേക്കുന്നവയല്ലാ രാജാവവർകളുടെ കാവ്യതല്ലജങ്ങൾ. പ്രകൃതിസൌന്ദര്യത്തെ നിരീക്ഷിക്കുവാനും, വിഷയാസക്തിയിൽ വിലപിക്കുവാനും, പൌരോഹിത്യത്തിനെ പരിഹസിക്കുവാനും അദ്ദേഹത്തിൻെറ തൂലിക തയാറാണു്. കവിഹൃദയം കൊണ്ടു കരുപ്പിടിച്ചപ്പോൾ അന്ധകാരം പ്രേമഭിക്ഷയാചിക്കുന്നു; പാണ്ഡിത്യം പരുഷാട്ടഹാസം മുഴക്കുന്നു!

'നരഹൃത്തിൽനിന്നൊരു ഭൂകമ്പം പുറപ്പെട്ടു;
കരുതിപ്പിടിക്കട്ടെ പൌരോഹിത്യമപ്പെക്കോൽ'

എന്നും, (പൌരോഹിത്യം)

'ഈശ്വരാരാധനത്തിൻ മാൎഗ്ഗത്തിൽ സ്വാൎത്ഥത്തി (ൻെറ
ശാശ്വതനിരോധനക്കല്പന നടത്തൊല്ലേ'
(നന്തനാരുടെ പ്രാൎത്ഥന)

എന്നുമുള്ള ധൎമ്മോപദേശങ്ങളടങ്ങിയ മതഗ്രന്ഥമാണു 'വെള്ളിത്തോണി'യെങ്കിൽ,

'ഒരൊററ മണ്ണിൻതരിയെഗ്ഗുരിക്കു
മൎത്ത്യൻെറ പാണ്ഡിത്യമറിഞ്ഞതില്ല
പരന്നവാനിൽപ്പലമട്ടു പായും
ബ്രഹ്മാണ്ഡകാണ്ഡങ്ങളെയെന്തുപിന്നെ?

എന്നും, (മനുഷ്യപാണ്ഡിത്യം)

'ദ്യോവിലിങ്ങനെ നീളെ നിരത്തിക്കൊളുത്തുമോ
കൈവിളക്കാരെങ്കിലുമാവശ്യമില്ലെന്നാകിൽ
ഇല്ലൊരു തിരുവുള്ളം തെളിയാനെന്നാകിലി-
പ്പുല്ലുകൾ പച്ചപ്പട്ടു വിരിച്ചീടുമോ മണ്ണിൽ'
(കല്പന നടക്കട്ടെ)

എന്നുമുള്ള തത്വരത്നങ്ങൾ വിളങ്ങുന്ന ഭണ്ഡാഗാരവുമാണ് അത്.

കൈരളീകൈങ്കര്യത്തിൽ കൈക്കററം തീൎന്നിട്ടുള്ള അപൂൎവ്വം ചില കവികളിൽ ഒരാളാണു രാജാവൎകൾ. വിഷയകാഠിന്യംകൊണ്ടും വിഘാതം സംഭവിക്കാതെ അദ്ദേഹത്തിൻെറ കവിതാനദി അനുസ്യൂതമായി സരിച്ചുകൊണ്ടിരിക്കും. ഭാവഗാംഭീൎയ്യവും സ്വാരമാധുൎയ്യവും അതിൽ ഒരുപോലെയാണു കലൎന്നിരിക്കുന്നത്. നോക്കുക:—

'സ്വൎഗ്ഗമാൎഗ്ഗത്തിൽ ചുങ്കം ചുമത്തും സാമ്രാജ്യത്തിൻ-
വക്കിടിക്കുന്നുണ്ടതാ സത്യകല്ലോലാഘാതം'

(പൌരോഹിത്യം)

'നെഞ്ചലിയിക്കും നിൻ സാത്വികസൌഭാഗ്യം
തുഞ്ചൻെറ പൈങ്കിളിതെല്ലുപാടി
അഞ്ചിതമാകും പ്രസാദമൊന്നിക്ഷിപ്പാൻ
കുഞ്ചൻെറ കാൽച്ചിലമ്പൊട്ടു ചാടി'

(കൈരളീപ്രാൎത്ഥന)

'ആദിയിലരണ്യത്തിലന്ധകാരാഭോഗത്തി-
ലാത്മചൈതന്യത്തിൻെറ വെളിച്ചം കണ്ടെത്തി

(യോർ'

(അദ്ധ്യാപകപ്രാൎത്ഥന)

'ഊണിനു വട്ടം കൂട്ടാനുള്ളതല്ലല്ലോ വിശ്വ-
പ്രാണസാക്ഷാൽക്കാരത്തിനുപായംദേവാലയം'
(നന്തനാരുടെ പ്രാർത്ഥന)

സന്ദർഭോചിതവും ലളിതമധുരവുമായ പദാവലിയിൽ അദ്ദേഹത്തിനുള്ള സ്വാധീനം എത്രത്തോളമുണ്ടെന്നു്,

'അന്തിത്തുടുപ്പുതുകണ്ടു പകച്ചുമ്പോൾ
പൂന്തിങ്കൾ ഭാഷ്യമെഴുതിടുമ്പോൾ
പൂഴിത്തരികളനങ്ങാതെ നില്ക്കുമ്പോ-
ളാഴിത്തിരകൾ ചാഞ്ചാടീടുമ്പോൾ
കേവലമന്ധനിന്നൊന്നുരയ്ക്കുന്നു ഞാൻ
ദേവി! ജയിച്ചാലുമെന്നു മാത്രം' എന്ന കൈരളീപ്രാർത്ഥനയുടെ കലാശം തന്നെ കാണിച്ചുകൊള്ളും.

ഗ്രന്ഥകാരൻെറ പ്രകൃതിനിരീക്ഷണത്തിനും സൌന്ദര്യാസ്വാദനത്തിനും പ്രത്യേകമായ ഒരു സ്വാരസ്യമുണ്ടു്. ആനന്ദത്തിൻെറ ആവാസസ്ഥാനമായാണു് അദ്ദേഹം അതിനെ വീക്ഷിക്കുന്നതു്. അതിൻെറ ഭയങ്കരമൊ പരുഷമൊ ആയ രൂപത്തിലേക്കൊന്നും അദ്ദേഹം തിരിഞ്ഞു നോക്കിയിട്ടേയില്ല. പ്രകൃതിയെക്കൊണ്ടു പന്താടുവാനും അദ്ദേഹം ഒരുക്കമില്ല. സുന്ദരവസ്തുക്കൾ കാണുമ്പോൾ മതിമറന്നു പാടുക

മാത്രമാണ് അദ്ദേഹം ചെയ്യുന്നതു്. കവിയുടെ ഇതര കൃതികളിലും ഈ ഒരു പ്രത്യേകത തെളിഞ്ഞു കാണാം. സൂര്യോദയത്തെ വീക്ഷിച്ചപ്പോൾ,

'സത്യപ്രകാശമേ നിസ്തുലാനന്ദമേ
വാഴ്ത്താമോ നിൻഗുണം തമ്പുരാനേ'
(തുളസീദാമം)

എന്നു അകംനിറഞ്ഞു പുറത്തേക്കു വഴിയുന്ന ആനന്ദത്തിനെ രേഖപ്പെടുത്തുക മാത്രമേ അദ്ദേഹം ചെയ്യുന്നുള്ളൂ.

'ചെന്തളിർച്ചൊടിയെന്റെ നിശ്വാസത്തിനാൽ (പ്പൂതി-
ഗന്ധിയാക്കുന്നില്ലഞാൻ ചുംബിപ്പാൻ കൊതിച്ചാ (ലും
പനിനീർ മലരൊളിപ്പൂങ്കവിൾ തലോടുവാൻ
നിനവില്ലതു വാടിപ്പോകിലെന്തിനെൻജന്മം'
(അഴകിനോടു്)

എന്നു ഭാവനാദൃഷ്ടിയിൽ പതിച്ച സൌന്ദര്യത്തിനെ പെരുമാററംകൊണ്ടു മലിനമാക്കുന്നതിൽ വിമുഖനായ കവി അതിനെ പകർത്തുവാൻ പ്രയത്നിക്കാതെ പിൻ വാങ്ങുകയാണു ചെയ്യുന്നതു്. വിശ്വസൌ

ന്ദര്യത്തിൻെറ മുമ്പിൽ കൂപ്പുകയ്യോടും ആനന്ദബാഷ്പത്തോടും കൂടി നിലകൊള്ളുവാനേ അദ്ദേഹത്തിനു സാധിക്കുന്നുള്ളൂ.

'മുന്നിൽ നിന്നഴകേ നിൻ കേവലാമൃതരൂപം
കണ്ണിമച്ചീടാതൊന്നു കാണണമതേവേണ്ടു'
(അഴകിനോടു്)

എന്നു് അദ്ദേഹംതന്നെ അതു സമ്മതിക്കുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിനു് ആത്മനിർവൃതി അടയാം. സൌന്ദര്യലക്ഷ്മിയുടെ പള്ളിയോടമായ വെള്ളിത്തോണിയിൽ—സിതമേഘശകലങ്ങൾക്കു നിരന്തരപ്രയത്നംകൊണ്ടും പിടികിട്ടുവാൻ സാധിക്കാഞ്ഞ വെള്ളിത്തോണിയിൽ—ഭാവനാശക്തിയുടെ ഒരൊററക്കുതികൊണ്ടു ചെന്നെത്തിയ കവിക്കു്, ജഗന്നിയന്താവുപോലും പരിഹസിച്ചാലും വിരോധമില്ല, സൌന്ദര്യത്തോടുകൂടിയുള്ള ആ ആത്മൈക്യത്തിൽനിന്നു വിമുക്തനാവാഞ്ഞാൽ സമാശ്വാസമായി. സൌന്ദര്യത്തെ അവലോകനം ചെയ്തുകൊണ്ടു് ആരംഭിച്ച കൃതി അതിനെ ആശ്ലേഷിച്ചുകൊണ്ടുതന്നെ അവസാനിക്കുന്നു. പ്രകൃതിയെ ആക്രമിച്ചു കീഴടക്കുകയല്ലാ രാജാവവർകൾ ചെയ്യുന്നതു്. അതിൻെറ സൌന്ദര്യധോരണിയിൽ ആറാടുകമാത്രമാണു്. കവി

സമാധിയുടെ പാരമ്യത്തെയാണ് ആ ആനന്ദനൃത്തം കുറിക്കുന്നതും.

കവിയുടെ വികാരം, തത്വാന്വേഷിയുടെ വിചാരം—ഇവയുടെ നൈസർഗ്ഗികമായ സമ്മേളനമാണ് നാം 'വെള്ളിത്തോണി'യിൽ വീക്ഷിക്കുന്നത്. ഈ കാവ്യാരാമത്തിൽ വിരിഞ്ഞു നില്ക്കുന്ന സുരഭിലസുമങ്ങളുടെ ദലദോളങ്ങളിലും അവയുടെ സ്രഷ്ടാവിന്റെ ഹൃദയനൈർമ്മല്യം പ്രതിബിംബിക്കുന്നുണ്ട്. കവികളുടെ 'വികാര'ത്തിനു വ്യത്യാസം വരുത്തുന്ന 'പുഷ്ഠ' ദോഷം സ്പർശിച്ചിട്ടില്ലാത്ത ഗ്രന്ഥകാരന്റെ പദന്യാസത്തിൽ പ്രത്യേകിച്ചൊരു പരിശുദ്ധി കാണുന്നുണ്ടെങ്കിൽ അത്ഭുതത്തിന് അവകാശവുമില്ല. അലങ്കാരശാസ്ത്രങ്ങളുടെ പിടിയിൽനിന്നുവിട്ടു സ്വതന്ത്രമായി സഞ്ചരിക്കുന്ന കവിഹൃദയത്തിൽ പണ്ടേതന്നെ കരുക്കൊണ്ട ഉറവാണ് തുളസീദാമത്തിൽ കാണുന്നു,

'ഞാനെൻ മിഴികൾ തുറന്നോരു നേരത്തേ
വാനിൻ വെളിച്ചമേ കണ്ടുനിന്നെ
ആളെയറിയാത്തയാലെ പിറന്നോരു
നാളേകരഞ്ഞുപോയൊട്ടുനേരം
അന്നു കരഞ്ഞ കരച്ചിലെന്നുള്ളില്പ-
ണ്ടിന്നതിനൊച്ചയില്ലെന്നുമാത്രം'

എന്ന വരികൾ. ലോകത്തിൻെറ കണ്ണുനീരുകണ്ടു സഹിക്കുവാൻ സാധിക്കാഞ്ഞ കവി പറയുന്നതു കേൾക്കുക.

'എന്നുറപ്പില്ലാശ്ശയാലൂച്ചത്തിൽ കരഞ്ഞുപോ-
യന്നൊരുനാളെൻ വെറും പൊള്ളയാം ഗളനാളം'

(സമാശ്വാസം)

ആഴിയിലെ അലകൾക്കുകൂടിയുണ്ടോ കവിഹൃദയത്തിലെ മൃദുലവികാരവീചികൾക്കുള്ള ഈ ശക്തി? കവനത്തിൻെറ സ്വസ്ഥാനം മസ്തിഷ്കമല്ല, ഹൃദയമാണ്. ജീവിതമത്സനമേററ ഒരു യാചകനെ കാണുമ്പോൾ ശരീരവർണ്ണനത്തിനുള്ള പ്രാസവും തിരഞ്ഞ് ഇന്നാരും ഓടുമെന്നു തോന്നുന്നില്ല.

'ജീവിതപ്പോരിൽതോററു തോററുള്ളം കീറിക്കീറി-
മേവിടും സഹോദരന്മാരിലാക്കാനും' സമാശ്വാസം

നല്കേണമെങ്കിൽ അതു ഹൃദയത്തിൽനിന്നു വിനിർഗ്ഗമിക്കുന്ന കവിതയായിരിക്കണം. ജലത്തിൽ മത്സ്യങ്ങളും ഭൂമിയിൽ മനുഷ്യരും,

'അവസാനമില്ലാതെ നീന്തുന്നു തുടിക്കുന്നു
ദിവസങ്ങളക്കാഴ്ച കണ്ടേറെച്ചിരിക്കുന്നു'

(നീന്തൽ)

എന്നും മററും സ്വാരസ്യത്തോടുകൂടി വർണ്ണിക്കുവാൻ

കവിക്കുള്ള സാമത്ഥ്യം അനിവ്വചനീയമാണ്. സത്യസ്വരൂപത്തെ ആരാഞ്ഞു നടന്നു കാൽ കുഴഞ്ഞ്,

'മലന്നു നോക്കട്ടെ മനുഷ്യനായവ-
നനന്തമെന്നും കുടവട്ടമല്ലയോ
അചിന്ത്യതത്വത്തെയളന്നു വെക്കുവാൻ
തുടന്നുവല്ലോ വിട്ടവിഡ്ഢിതന്നെഞാൻ'

എന്നു ബാഷ്പാഞ്ജലിയിൽ വഴുതിവീണ കവി 'വെള്ളിത്തോണി'യിൽ കയറി ലക്ഷ്യത്തെ നോക്കി പുരോഗമനം ചെയ്യുന്നത്, വികാരത്തിൻെറ വിജൃംഭണത്തേയും സ്വധമ്മത്തിലുള്ള താൽപയ്യത്തേയുമല്ലേ കാണിക്കുന്നതു്?

കവിസാമ്രാജ്യത്തിൽ കെ. കെ. രാജാവവർകഠംക്കുള്ള സ്ഥാനം സുപ്രതിഷ്ഠിതമാണ്. അദ്ദേഹം തൻെറ ഭാവനാധനംകൊണ്ടു നിമ്മിച്ച ഈ മനോഹരരംഗത്തിലേക്കു സഹൃദയന്മാരും കലാകുതുകികളുമായ പ്രേക്ഷകന്മാരെ ക്ഷണിക്കുകയും വഴി കാണിക്കുകയും മാത്രമാണ് എൻെറ കൃത്യം. ഗ്രന്ഥകാരൻെറ മഹത്വം കാണിക്കുവാൻ മററുള്ളവരുടെ തലയിൽ കയറിനിന്നു നൃത്തം ചെയ്തു 'കേളിക്കൊട്ടു' നടത്തുന്ന സമ്പ്രദായം അവതാരികാകാരൻെറ ധമ്മങ്ങളിൽ

ഉൾപ്പെട്ടതായി ഞാനൊട്ടു കരുതിയിട്ടുമില്ല. ആ മഹാനുഭാവന്റെ കവിതാവല്ലരി കൈരളീദേവിയുടെ പാദാരവിന്ദങ്ങളിൽ ഏതാദൃശങ്ങളായ കവനകുസുമങ്ങളെ എന്നെന്നും അൎപ്പിക്കുമാറാകട്ടെ.

വി. എം. കുട്ടികൃഷ്ണമേനോൻ ബി. എ.

---

# സമൎപ്പണം

"കുട്ടനു" കുശലത്തിനാദിത്യനെ
ചുട്ട വെയ്‌ലത്തു വീണു നമിച്ചോരാൾ
ഭുവിനീശ്വരനായ തൻ സ്വാമിയെ
ദ്യോവിലേയ്ക്കു മന്ദയാത്ര ചെയ്തോരാൾ
പ്രേമധൎമ്മത്തിടമ്പെൻ പിതാവെന്നു-
മാമഹൎഷിതൻ പൂജതാനെൻവ്രതം
ശുദ്ധഭക്തിയാലോൎത്തു ചൊല്ലിക്കൊണ്ടി-
പ്പുത്രനാൎത്തൻെറ പുണ്യപാദങ്ങളിൽ
ഞാനിതാ സമൎപ്പിക്കുന്നു സാശ്രുവായ്
മാനസാൎച്ചന പുഷ്പമിപ്പുസ്തകം.

# "അഴകിനോട്."

നീണ്ടകണ്ണുകൾകൊണ്ടുനാലുഭാഗത്തും നോക്കി-
ക്കൊണ്ടണയുമീയെന്റെ പദവിന്യാസം കേട്ടാൽ
വല്ലദിക്കിലേയ്ക്കുമെൻ വല്ലഭ കുതിച്ചോട്ട-
മല്ലെങ്കിലെന്തെങ്കിലും പുതച്ചുവേഷം മാറ്റും.

ഓമനവിമുഖിയായ്ത്തീർന്നതെന്താവോ മഹാ-
കാമി ഞാനപരാധിയെന്നു ചിന്തിച്ചിട്ടാവാം
പിടിച്ചുപുൽകീടുവാൻ മുതിർന്നു നേരിട്ടോടും
തടിമാടനല്ലെന്നു വിളിച്ചുപറഞ്ഞാലോ.

എന്റെ കൺവഴിവിട്ടു മാറിനില്ലൊല്ലേ പാപ-
ത്തിന്റെ മുദ്രകണ്ടെന്നോ ദൂരത്തു വിലക്കൊല്ലേ!
ഇന്നലെപ്പാപത്തിന്റെ ചാരായക്കടയിലേ-
ക്കൊന്നുനോക്കി ഞാനെന്റെ മധുഭാഷിണി! സത്യം.
ഇത്തിരിമോഹക്കറതേച്ചു വിട്ടിട്ടുണ്ടെന്നി-
ലത്തവ്വിലേതോ ഭവ്യൻ ഞാനറിഞ്ഞതേയില്ല.
നാകത്തിൻപടിവാതലടപ്പിക്കുമാമുദ്ര
ശോകത്തിൻചുടുനീരാൽക്കഴുകീടുന്നേനിതാ.

ചെന്തളിർച്ചൊടിയെന്റെ നിശ്വാസത്തിനാൽപ്പൂതി-
ഗന്ധിയാകുന്നില്ലഞാൻ ചുംബിപ്പാൻ കൊതിച്ചാലും
പനിനീർമലരൊളിപ്പൂങ്കവിൾ തലോടുവാൻ
നിനവില്ലതു വാടിപ്പോകിലെന്തിനെൻജന്മം!

വിണ്മണൽമുററത്തുനീ കൌതുകാൽകൊളുത്തുന്ന
പൊൻമണിവിളക്കുകൾ തെളിഞ്ഞുവിളങ്ങുമ്പോൾ
മുന്നിൽനിന്നഴകേ നിൻകേവലാമൃതരൂപം
കണ്ണിമച്ചീടാതൊന്നു കാണണമതേ വേണ്ടൂ
എന്റെ കൺവഴിവിട്ടു മാറിനില്ലൊല്ലേ! പാപ-
ത്തിന്റെ മുദ്രകണ്ടെന്നെദ്ദൂരത്തു വിലക്കൊല്ലേ!

# നീന്തൽ.

പരന്നസമുദ്രത്തിൽമത്സ്യങ്ങളാകാശത്തു
പറവകളലങ്ങളുംപൊരിലെൻകൂട്ടക്കാരും
അവസാനമില്ലാതെനീന്തുന്നുതുടിക്കുന്നു
ദിവസങ്ങളുക്കാഴ്ചകണ്ടേറെച്ചിരിക്കുന്നു.

നാലുഭാഗത്തുംനോക്കാനവക്കില്ലിടമാംസ-
ലോലതയുടെചീററലേററവർസുഖിക്കയാം
കാലത്തിൻമുഖത്തുനിന്നെത്തുന്നചോരക്കാറേറ-
ററാലാപിക്കയാണവരത്ഭുതമാശാരാഗം
ഇരുളിൽസ്വയംമറഞ്ഞെത്തുനേരത്തുംപാപം
കരളുംഹൃത്തിന്നുള്ളതേങ്ങലിൻതള്ളിച്ചയാൽ
പ്രസരിക്കുമംഗങ്ങൾതളരുംനിമേഷമു-
ണ്ടസഹായരാണെൻറക്കൂട്ടക്കാരെല്ലാംനാളേ

അല്ലെങ്കിലാപത്തിൻറചുഴിയിൽത്താഴുന്നതാ-
മല്ലലിൻപ്രശാന്തിയുംജീവിതവിശ്രാന്തിയും.

---

## "ഭണ്ഡാരം മോഷ്ടിച്ചു."

ആയിരം ഖജനാവിന്നായിരം കള്ളത്താക്കോൽ
ഞായത്തിൻവിദേശീയമൂശയിൽ വാർത്തുണ്ടാക്കി
ആയതിലൊന്നീയെൻെറ കൈയിലും പിടിപ്പിച്ചു
മായമേറിന കൂട്ടക്കവെച്ചക്കാരൻ കാമൻ

ഇരുട്ടത്തവനെത്തിയൊന്നു ചൂളമിട്ടപ്പോൾ
നരസന്തതി മുട്ടുകുത്തിപ്പോയ് മൊഴികേൾപ്പാൻ
പിന്നെയെന്തുണ്ടായെന്നോ — കാവലാളിയെക്കുത്തി—
കുന്തത്തിൽപ്പുരണ്ടുള്ള ചോരയും തുടയ്ക്കാതെ
ആവഴിയോടിച്ചെന്നു കവന്നോൻ സ്വാതന്ത്ര്യത്താൽ ഞാൻ.
ദൈവത്തിൻഭണ്ഡാരത്തിൽക്കണ്ട രത്നമെമ്പാടും
ഉള്ളതോതിനേൻ കുററംസമ്മതിച്ചേൻ രാജാവേ!
കള്ളനെപ്പിടിച്ചാലും കൈവിലങ്ങുവെച്ചാലും

"ഭണ്ഡാരം മോഷ്ടിച്ചാലും മകനേ! മാപ്പേകിനാൻ"
ദണ്ഡകർത്താവെന്നൂറ്റനിങ്ങിനെ വിധിച്ചേക്കാം.

# “രാജാവിന്റെ ചിരി”

എന്തൊരുതിരുമാലി രാജാവേ! ഭവാൻ? പ്രേമ-
ഗന്ധമില്ലാത്തോൻ പച്ചശ്ശൃംഗാരനാട്യക്കാരൻ
രാത്രിഞാൻ സങ്കേതത്തിൽ സ്സമയത്തെത്താറില്ലേ?
കാത്തുനില്ക്കാറില്ലേ നീ കളങ്കി വരുവോളം

അക്ഷമയായ് ഞാനിങ്ങുകാത്തുനില്ക്കവേ കാമ-
യക്ഷികളുടെ വീട്ടിലങ്ങുന്നു തങ്ങുന്നല്ലൊ!
മാസത്തിലൊരുനാളിൽ മര്യാദയ്ക്കെത്തിച്ചേർന്നാ-
ലാസമാധാനംതീരാനൊരുനാൾ വരാ തീരെ
എന്തിനുകറുപ്പെന്നെൻ രൂപത്തെപ്പഴിക്കുന്നു
പന്തിയല്ലീയൌദ്ധത്യമല്ലെങ്കിലനാദരം!!
കാമുകനലസനെന്നറിഞ്ഞാൽപ്പെണ്ണിന്നുണ്ടാ-
മാമഹാദുഃഖത്തിന്റെ ചൂടങ്ങേയ്ക്കറിയാമോ?

ഇപ്പരാതികൾ രാവിൻഹൃത്തിൽനിന്നുയർന്നിട്ടെ-
ന്തപ്പൊഴും രാജാവിനാപ്പണ്ടത്തെച്ചിരിതന്നെ!!

---

# ദീർഘയാത്ര

(ഗ്രുണദമനം ഭത്താവേ—എന്ന രീതി)

അഴലിൻകരിനിറംപൂണ്ടമണ്ണിൽ
നിഴലിച്ചോരാനന്ദമെൻറജീവൻ
കൃതിയുംനിയതിയുമെൻറകൈകൾ
അതുരണ്ടുംവീശിനടക്കുമീഞാൻ
വഴിയിലുഷസ്സിൻറപൊന്നിൻകിണ്ണം
വഴിയുമാമന്തിംിച്ചാറുമോന്തും
അഴകിയതാരങ്ങൾതങ്ങുമല്ലിൻ-
വഴിയമ്പലത്തിൽക്കിടന്നുറങ്ങും
എഴുനേററടഞ്ഞമിഴിതുറന്നാൽ
പഴയപടിക്കേനടക്കുംപിന്നെ
മറവിതൻമാറാപ്പെടുപ്പാൻമാത്രം
മറവിയുണ്ടായിട്ടില്ലിത്രനാളും
അവസാനമെന്നെൻറദീർഘയാത്ര-
യ്ക്കെവിടെച്ചെന്നെത്തുംഞാനാർക്കറിയാം.

# കാരാഗൃഹത്തിൽ.

"എന്തിനുതടവിലിട്ടീ നിരാഗസ്സാമെന്നെ
യുണ്ണുന്നു നിരന്തരം പകലും രാവും പിന്നേ,"
സന്തപ്താശ്രുബിന്ദുവാലെഴുതിക്കാണിച്ചു ഞാൻ
അന്തരിക്ഷത്തിൻകണ്ണിൽത്തമ്പുരാനൊരുചോദ്യം.

നക്ഷത്രനേത്രങ്ങളാലെന്തൊക്കെക്കണ്ടുവാനം
അക്ഷരമുരിയാടാതല്ലി നില്പതാവൃദ്ധൻ!
കല്പനകിട്ടായ്കയാലദ്ദേഹമുണർത്തിച്ചി-
ല്ലിപ്പൊഴുമെൻറകണ്ണീർക്കുറിമാനത്തിൻസാരം
അപ്പരിശുദ്ധൻകടന്നൊന്നുമോതുകില്ലേതോ-
രസ്സടസ്സരണവും നോക്കേണ്ടും ജോലിക്കാരൻ
ഇന്നി ഞാനൊന്നുംതന്നെ ചോദിക്കില്ലൊരാളോടും
എന്നിൽ വിശ്വസിക്കുംഞാനെന്നു മാനന്ദിക്കും ഞാൻ

ഇത്തടവിനുള്ളിൽത്താൻ മറെറാരേടത്തേക്കോ ഞാ-
നെത്തിവീഴട്ടെ ചെന്നാപ്പടിക്കുപുറത്തേക്കോ!

# പൌരോഹിത്യം. *

പുണ്യജീവിതത്തിൻെറ മുടിച്ചൂടിയ പാപ-
ത്തിന്നുണ്ടു തിരുനാമമൊന്നതു "പൌരോഹിത്യം"
അന്ധകാരംകൊണ്ടുണ്ടൊരാസനമവിടയ്ക്ക്
ചന്തത്തിലിരിക്കയാണദ്ദേഹമതിൻമീതെ!

സ്വാത്ഥസാചിവ്യംതീത്ത നിയമങ്ങളാലല്ലോ
മത്ത്യൻെറ നിശ്വാസവും ശ്വാസവും വിറയ്ക്കുന്നു.
താരകൾമേല്പോട്ടെയ്ക്കും താരങ്ങൾതാഴത്തേയ്ക്കും
നേരേ നോക്കിക്കൊണ്ടെന്തോ മന്ത്രിപ്പൂ ചിരിയോടേ;
"നരത്വസോപാനത്തിൽപ്പെട്ടെങ്കിലീ വിദ്വാൻെറ
വരുതിക്കു കീഴ്പ്പെട്ടുപോയേനേനാ"മെന്നാവാം.
സ്വർഗ്ഗമാർഗ്ഗത്തിൽച്ചുങ്കം ചുമത്തും സാമ്രാജ്യത്തിൻ
വക്കിടിക്കുന്നുണ്ടതാ സത്യകല്ലോലാഘാതം

നരകത്തിൽനിന്നൊരു ഭൂകമ്പംപുറപ്പെട്ടു;
കരുതിപ്പിടിക്കട്ടെ പൌരോഹിത്യമച്ചെങ്കോൽ.

---

* ഇന്നത്തെ ദുഷിച്ച പൌരോഹിത്യമെന്നേ വിവക്ഷയുള്ളു.

DEFINITORY O.C.D. LIBRARY No. 1278

# കൈരളീപ്രാർത്ഥന.

സ്വർഗ്ഗസമ്പത്തുകൾ നീളെ നിരത്തിയ
ഭാഗ്യവക്ഷേത്രമഹോത്സവത്തിൽ,
ഉജ്ജ്വലച്ചാരുമരിച മരതക-
പ്പച്ചവിതാനവിചിത്രഭൂവിൽ,
പുണ്യപ്രദീപങ്ങൾ മുന്നിൽ തെളിയിച്ചു
വിണ്ണിനെ നിഷ്പന്ദതാരമാക്കി,
പ്രേമസ്വരാക്ഷരസുന്ദരമോരോരോ
നാമസങ്കീർത്തനം പാടിപ്പാടി,
ശാശ്വതമാകിന ഭാവസോപാനത്തി-
ലീശ്വരാരാധനാലാലസയായ്,
നർത്തനം ചെയ്യുമെൻ കൈരളി! വെൽകനീ
മർത്ത്യന്റെ ജീവിതാചാര്യയായി!

മറെറാരു ദിക്കിലും കേൾക്കാത്ത മട്ടുള്ള
മദ്ദളകേളി മിഴാവൊലിയും
സ്നിഗ്ദ്ധമധുരമിടയ്ക്കതൻ സംഗീതം
മുഗ്ദ്ധമൃദുലം തിമിലമേളം
വിണ്ടലത്തോളമുയർന്നു ചെന്നെത്തുന്ന
ചെണ്ടതൻ താരഗംഭീരനാദം
ഇത്തരമോരോന്നുമംബ നിൻ നിസ്തുല-
നൃത്തരസത്തിൻ വിഭാവമെന്നും

ശീതളാലാപത്തിൻ ബിന്ദുവാൽ തേന്മഴ
പെയ്തു ചെറുശ്ശേരി പാരിലെങ്ങും
നെഞ്ചലിയിക്കും നിൻ സാത്വിക സൌഭാഗ്യം
തുഞ്ചൻെറ പൈങ്കിളി തെല്ലുപാടി
അഞ്ചിതമാകും പ്രസാദമൊന്നീക്ഷിപ്പാൻ
കുഞ്ചൻെറ കാൽച്ചിലമ്പൊട്ടു ചാടി
കേരളവമ്മാവിൻ മായൂരകാഹളം
ധീരമൊന്നോതി ഗഭീരഭാവം
ധാടിയും മോടിയുമൊട്ടൊട്ടു കാണിച്ചു
കോടിലിംഗേശ വിശുദ്ധവംശം
പേശലമാകിന ലീലാവിലാസമൊ-
ട്ടാശാൻെറ കണ്ണിൽത്തെളിഞ്ഞുമിന്നി
ഉള്ളൂരെടുത്ത വിലോലമുരളിയും
വള്ളത്തോളിൻെറ വിപഞ്ചികയും
തേടിയിട്ടില്ലാത്ത നൂത്നകാവ്യധ്വനി
കോടികോടിക്കണക്കുണ്ടിനിയും.

അന്തിത്തുടപ്പത്തു കണ്ടു പകത്തുമ്പോഠം,
പൂന്തിങ്കഠം ഭാഷ്യമെഴുതീടുമ്പോഠം,
പൂഴിത്തരികളനങ്ങാതെ നില്ക്കുമ്പോ,-
ളാഴിത്തിരകഠം ചാഞ്ചാടീടുമ്പോഠം
കേവലമന്ധനിന്നൊന്നുരയ്ക്കുന്നു ഞാൻ
ദേവി! ജയിച്ചാലുമെന്നു മാത്രം!

---

## അദ്ധ്യാപകപ്രാർത്ഥന. *

ആദിയിലരണ്യത്തിലന്ധകാരാഭോഗത്തി-
ലാത്മചൈതന്യത്തിൻെറ വെളിച്ചം കണ്ടെത്തിയോർ
പുലർവേളയിൽ മങ്ങി മിന്നുന്ന തൂനിലാവിൽ
പലതാരങ്ങൾ വാനിൽസ്തംഭിച്ചു നോക്കീടുമ്പോൾ
ഉത്താനമഹസ്തന്മാരായുദ്ധൃതഋക്കുകളായ്ത്ത-
നുത്താളകാരുണ്യത്തിൻ മാറെറാലി പൊങ്ങുംപോലെ
കുശലം ദ്വിപാത്തുക്കളായ ജീവികൾക്കെന്നും
കുശലം ചതുഷ്പാത്തുക്കൾക്കെന്നും പ്രാർത്ഥിച്ചവർ
വിജ്ഞാനചരിത്രത്തിന്നാദികർത്താക്കളദ്ധ്-
നഗ്നരാം പുരാതന മഹർഷിപ്രവരന്മാർ
നമ്മുടെ ഗുരുകുലകൂടസ്ഥർ നമ്മൾക്കെന്നും
നമസ്കാപ്പൂർവ്വാചാര്യപാദരേണുവേ പോരും.

പുണ്യപക്ഷങ്ങൾ വീശിപ്പറന്നീടണം സ്വാർത്ഥ-
പൂർണ്ണമാമിലോകത്തിൽ നിന്നുനാമിപ്പോൾത്തന്നെ
സൂര്യഗോളത്തിലേയ്ക്കു നമ്മൾക്കു പറന്നെത്താ-
മാര്യവിജ്ഞാനദീപമങ്ങതാ കത്തീടുന്നു!
അവിടെത്തുറക്കണം നമ്മൾക്കു പഠിക്കുവാൻ
നവമാം മഹാവിദ്യാലയമൊന്നുടനീ നാം

---

* 1108 വൃശ്ചികം 10-ാംനു തൃശ്ശിവപേരൂർവെച്ചു നടന്ന അദ്ധ്യാപകമഹായോഗത്തിൽ വായിച്ചതു്.

വ്യാസനും വാല്മീകിയും നമ്മളെപ്പഠിപ്പിക്ക-
മാസനാതനവിദ്യ്യാലയത്തിൽപ്പാഠം തീൎന്നാൽ
അന്നനാമാചാൎയ്യന്മാരാനല്പകാലത്തിന്നു
കണ്ണടച്ചെല്ലാവരുംപ്രാൎത്ഥിപ്പിനാൎയ്യന്മാരേ!!

# നന്തനാരുടെ പ്രാൎത്ഥന.

അല്പന്മാൎക്കുവേണ്ടിയുണ്ടായതാണെന്നെന്റെ
തമ്പുരാക്കന്മാരിന്നും ചിന്തിച്ചു നോക്കില്ലെന്നോ!
താണവൎക്കല്ലേ തെല്ലു വിഗ്രഹംകൊണ്ടാവശ്യം
വേണമോ ബ്രാഹ്മണൎക്കു കല്ലൻ കൊത്തിയ ബിംബം?
ഊണിൻ വട്ടംക്കൂട്ടാനുള്ളതല്ലല്ലോ വിശ്വ-
പ്രാണസാക്ഷാൽകാരത്തിന്നുപായം ദേവാലയം.
കൈവശം വെച്ചുകൊൾക നിങ്ങടെ വേദങ്ങളെ-
ക്കൈവശം വെച്ചുകൊൾക നിങ്ങടെ ശാസ്ത്രങ്ങളെ
ഈശ്വരാരാധനത്തിൻ മാൎഗ്ഗത്തിൽസ്സ്വാൎത്ഥത്തിന്റെ
ശാശ്വതനിരോധനക്കല്പന നടത്തൊല്ലേ!
ശ്വാക്കൾക്കും ശ്വപചൎക്കും തൎപ്പണം ചെയ്വോർ നിങ്ങൾ
ഗോക്കളോടൊപ്പം ശാന്തി ദേവിയെസ്സേവിപ്പവർ
പാദപങ്കജസ്പൎശമൊന്നിനാൽഗ്ഗംഗാജലം
പാവിതമാക്കീടിന പൂൎവ്വജരുടെ ധൎമ്മം
പാപത്തിൻ ചളിക്കുണ്ടിലാഴ്ത്തി നില്പുജ്ജം ദൈവ-
കോപത്തിൻ ചെന്തീയിൽത്താൻ ചരിത്രം കത്തിക്കയോ!
അരുതേ സാഹസിക്യമരുതേ കനിഞ്ഞിപ്പോ-
ളിരുകൈകളും വയ്പിൻ പറയന്റെ മൂൎദ്ധാവിൽ.
ദാഹിച്ചു വെള്ളം കൊടുക്കേണമേ സത്യഗ്രഹ-
ദാഹത്തിലൊരു തുള്ളിസ്സ്വാതന്ത്ര്യം നൽകേണമേ!

# സംതൃപ്തൻ *

I

ലോകത്തെ വഞ്ചിച്ചതിലുള്ളൊച്ച-
പ്പാടേറമുണ്ടാക്കി ഞളിഞ്ഞിടാതെ
നിതാന്തനിഷ്കന്മഷ ജീവിതത്താൽ
സ്വാതന്ത്ര്യ സംതൃപ്തി വഹിച്ചുകൊണ്ടും,

II

ആശങ്ക കൺകെട്ടിനുമാടലിന്നു
നൃത്തംചവിട്ടാനു മൊഴിഞ്ഞിടാതെ
മനസ്സിൽ മൌനാഭരണാഢ്യമായ
ശാന്തിസ്വരൂപം കുടിവച്ചുകൊണ്ടും,

III

കാലംകഴിക്കുന്നവനാരവന്നു
കൊട്ടാരവും കോട്ടയുമെന്തിനൊത്താൽ
അവന്നു രക്ഷയ്ക്കൊരു ചട്ടപോലു-
മാവശ്യമാവില്ലവനെത്ര ധന്യൻ. (വിശേഷകം)

---

* ഇംഗ്ലീഷിൽനിന്നു സ്വതന്ത്രതർജ്ജമ.

IV

ആഴിക്കടിത്തട്ടിലുമന്തരിക്ഷ-
ഭാഗത്തുമുണ്ടാം പരിവർത്തനങ്ങൾ
അത്യന്തഘോരങ്ങളഭീകനാകു-
മവന്നു സാധാരണസംഭവങ്ങൾ.

V

അവന്നു തത്വാദ്ധ്യയനത്തിനെത്തി-
ച്ചേരേണ്ട പുണ്യാശ്രമമീപ്രപഞ്ചം;
കാണേണ്ടചങ്ങാതികളോ നിസർഗ്ഗ-
വിശുദ്ധിവായ്ക്കുന്ന വിചാരജാലം.

VI

സംസാരദുഃഖം തൃണവൽഗണിക്കു-
മധീരശാന്തന്റെ വിശാലനേത്രം
വായിപ്പൂ വിശോശാരസ്സൃഷ്ടിയിങ്കൽ
സാർഗ്ഗീയ സൌന്ദര്യമഹാപ്രബന്ധം.

# മനുഷ്യപാണ്ഡിത്യം.

I

നരന്റെ വിജ്ഞാനവിജൃംഭിതത്തിൻ
തരംഗഭംഗങ്ങളിരമ്പിടുമ്പോൾ
തകർന്നുപോകുന്ന ഹൃദന്തമല്ലോ
വിണ്ണിൽക്കളിക്കും ചെറുപൈങ്കിളിക്കും!

II

കാറിൻ മഹാരാവമപൂർണ്ണഭാവം
വിളംബരം ചെയ്തിളകുന്ന വാനിൽ
മനുഷ്യലോകത്തിൽ മുഴങ്ങിടുന്നു
പാണ്ഡിത്യഗർവ്വിൻ പരുഷാട്ടഹാസം.

III

നിനക്കിലത്യത്ഭുതമിന്നു മർത്ത്യ-
വൈദുഷ്യമേ! നിൻവിശദാപദാനം;
അഹന്തയാകും കരവാളമങ്ങു-
ന്നലസ്സിലാരുണ്ടരികത്തടപ്പാൻ.

IV

അനേകവർണ്ണോജ്ജ്വലമായ വേഷ-
മാചാര്യസിംഹാസനമെന്നിവണ്ണം

മഹാപ്രഭുതോചിതമാം തദീയ-
മാഡംബരം ഡംബരഹേതുമാത്രം.

V

ഒരൊററമണ്ണിൻതരിയെശ്ശരിക്ക
മത്ത്യന്റെ പാണ്ഡിത്യമറിഞ്ഞതില്ല
പരന്നവാനിൽപ്പലമട്ട പായും
ബ്രഹ്മാണ്ഡകാണ്ഡങ്ങളെയെന്തുപിന്നെ!



C

ഉപജാതിവൃത്തം.

# ചെപ്പടിവിദ്യ.

I

എന്നാണവൻ ചെപ്പകമാഴ്ത്തിവെച്ച-
തെന്നൂഴിയാം പന്തതിനുള്ളിലായി
എന്നൊന്നു കണ്ടുള്ളവനെങ്ങുമില്ലി-
തൊന്നാംതരം ചെപ്പടിവിദ്യതന്നെ.

II

ഈയത്ഭുതച്ചെപ്പടിവിദ്യകാട്ടും
കൈയെങ്ങതും കാണ്മതിനില്ലൊരേടം
കാണ്മോരെയും കാണ്മതില്ലൊരാള-
മഹോ മഹാവിസ്മയമീവിനോദം.

III

അല്ലെങ്കിലിച്ചെപ്പിനകത്തിഴഞ്ഞു
കഴുത്തുനീട്ടുന്ന മനുഷ്യകീടം
അദ്ധ്യാത്മദൃഷ്ടിക്കുമദൃശ്യമാകു-
മാത്തുക്കരത്തിൻകളികാണ്മതാമോ?

IV

ഇടയ്ക്കു പീലിത്തല ചാച്ചിടുമ്പോൾ
കൈത്തണ്ടിൽനിന്നും മണിമുത്തുമാല്യം

തെളിഞ്ഞുതാരാവലിയായിതിങ്കൽ
ബ്ബിംബിച്ചിടുന്നുണ്ടതിഭംഗിയോടെ.

V

ഇച്ചെപ്പിനങ്ങേപ്പുറമെത്തിയൊന്നാ
വിൺനാട്ടിലെച്ചെപ്പുടിവിദ്യകാണ്മാൻ
കൊതിക്കമീഞാനിവിടത്തിൽനിന്നെ_
ന്നാത്മാവുകൊണ്ടൊന്നു കുതിച്ചിടട്ടെ.

# "ര ഹ സ്യ മി ല്ല."

I

സ്വാരാജ്യമെന്നോമുതൽ കമ്പിയില്ലാ-
കമ്പിത്തപാലിട്ടു ഭരിപ്പൂ ദൈവം
അതിൻെറയാപ്പീസ്സുകൾതന്നെയല്ലോ
ചരാചരവ്യക്തികളായ നമ്മൾ.

II

അവർണ്ണ്യമാംസ്പന്ദനശക്തിയേതോ
ഹൃദന്തരാകാശപഥത്തിലൂടേ
പായുന്നു രാഗാദികഥാപ്രബന്ധം
പ്രപഞ്ചനംചെയ്തുലകിങ്കലെല്ലാം.

III

നരൻെറ നാനാവിധഭാഷയെല്ലാ-
മശേഷപര്യ്യായവിശേഷമാത്രം
അവൻെറ ചേതോഗതമാം വികാര-
മാസ്പന്ദനത്തിൻ പരനാമമാത്രം.

IV

മാനുഷ്യകത്തിൻെറ മനഃസ്ഥിതികൾ
മതേവിധം സാമ്യമുദിച്ചിടുമ്പോൾ
ഒരുത്തനുൾക്കാമ്പിലുദിക്കുമേതു-
വികാരവും മറെറാരുവൻ ഗ്രഹിക്കും.

V

സമാനസംസ്കാരമിയന്ന രണ്ടു
വീണയ്ക്കു സാമീപ്യമെഴുന്നപക്ഷം
ഒന്നിങ്കലുണ്ടാം ചലനം പകർന്നു
മറേറതിലും നാദമുദിച്ചുകാൺമൂ.

VI

അല്ലെങ്കിലെന്തിന്നു മനസ്ഥിതിക്കു
സാമ്യം? മനസ്സിൻെറ ബഹിർമ്മുഖത്വം
തടഞ്ഞുനിർത്തീടുകിലാശു കേൾക്കാ-
മാകാശസംസ്പന്ദനഗാനഘോഷം.

VII

അതെങ്ങുവാൻ വ്യാപകമായ് ജയിപ്പി-
ലവ്യാഹതം സൂക്ഷ്മമതിൻപ്രചാരം

ഈ നിത്യമാം സത്യമറിഞ്ഞിടാതെ
നരൻ കഥിക്കുന്നു രഹസ്യശബ്ദം.

VIII

ആലസ്യമേ നിൻ മറിമായമെന്തു
ചൊല്ലുന്നു! നിന്നാൽ ജിതമിപ്രപഞ്ചം
നരന്റെ വിജ്ഞാനവെളിച്ചവും നിൻ-
നിശാന്ധ്യസദ്മത്തിലിരുണ്ടുപോയി.

## ക്ഷമാപണം. *

അമ്മയ്ക്കു വെള്ളം കോരിവയ്ക്കുണം പാത്രത്തിൽനി-
ന്നെൻമകനതു മുക്കിക്കളഞ്ഞേ സുഖമുള്ളു
കൊച്ചിനൊരിമ്പാച്ചിയാണക്കളിക്കിടയ്ക്കുച്ഛ-;
നച്ഛന്റെനാമം കേട്ടാൽ വാപിളുത്തുമെൻ രാജൻ

വിണ്ണിന്റെ നവജീവൻ ജന്തുജീവിതം വെള്ളി-
ക്കിണ്ണത്താൽ മുക്കിക്കളഞ്ഞീടുവതോരോനാളും
കണ്ണുകൊണ്ടു കണ്ടിട്ടും വിലക്കാതിരുന്നീല-
ന്നുണ്ണിയെ വെള്ളം മുക്കിക്കളിക്കും മകനേ ഞാൻ
ആവശ്യം വളഞ്ഞെത്തിപ്പിടിച്ചിപ്പാവത്തിന്റെ
കൈവളച്ചതു രാജന്നന്നു കൈവിലങ്ങായി
ദൈവസാമ്രാജ്യത്തിൽനിന്നെത്തിയ കിടാവേതോ
ഭാവനാസ്വാതന്ത്ര്യത്തെ ലീലയാൽ പ്രസംഗിക്കേ

ആയതിൻ രസമസ്വാതന്ത്ര്യത്താലറിഞ്ഞതി-
ല്ലായതിൽപ്പിതാവിനു മാപ്പുനൽകട്ടെപുത്രൻ!!

---

* മകൻ രാജകുമാരനെ ശിക്ഷിച്ചിട്ടു.

# ഷഷ്ടിപൂൎത്തി.

I

ആയുസ്സിലൎദ്ധത്തിനു "ഷഷ്ടിപൂൎത്തി"-
പ്പേരോതിടാമെന്നു വരുന്നപക്ഷം
അതാ കഴിഞ്ഞു മമ ഷഷ്ടിപൂൎത്തി
മനുഷ്യരാരും ഗ്രഹിയാതെതന്നെ.

II

മംഗല്യപത്രങ്ങടെ മൎമ്മരങ്ങൾ
മുഴങ്ങിയില്ലിച്ചെറു ജന്തുവിന്നായ്;
ആയുസ്സിനൎത്ഥിച്ചതുമില്ലൊരാളു-
മമ്മട്ടു താനദ്ദിവസം കഴിഞ്ഞു.

III

സ്തുതിച്ചു ഞാൻ മാനസവീണമീട്ടി-
ദ്ദൈവത്തെയന്നാളിലെവൎക്കു വേണ്ടി
ആ മൎത്ത്യരെൻപാട്ടതു കേട്ടതില്ല,
ദൈവത്തെ വാഴ്ത്തീടുകിലാരു കേൾപ്പാൻ.

IV

വിടൎന്നമജ്ജീവിത പങ്കജത്തി-
ലാമോദമൎപ്പിച്ച ജഗൽപിതാവേ!

ദളങ്ങളോരോന്നുമിതിങ്കൽനിന്നു
കൊഴിഞ്ഞു നിന്നർച്ചനയായ് വരട്ടെ.

V

വൈകുണ്ഠയാത്രയ്ക്കുമതിന്നു പൊക്കി-
പ്പിടിച്ച പാദത്തൊടു, ഊർദ്ധ്വഗർക്കായ്,
വിമാനമെത്തുന്നതു കാത്തുനില്ക്കു-
മെന്നിൽജ്ജഗത്തേ! ജയമോതിയാലും.

# കാവ്യസ്വരൂപം.

I

അനന്ത ജീവനിലയ-
മനന്താഭോഗമത്ഭുതം
അഗണ്യലാവണ്യമയ-
മാനന്ദാബ്ധി ജയിപ്പൂതേ.

II

അനേക രത്നജാലങ്ങ-
ളാശയത്തിങ്കലങ്ങിനെ
വിളഞ്ഞതു വിളങ്ങുന്നു
ദൈവത്തിൻെറ ഖജാനയായ്.

III

അതിന്നുല്ലോലകല്ലോല-
വേല്ലൽകളകളാരവം
ശ്രുതികൊണ്ടാസ്വാദിക്കുന്നു
ധന്യരാം കവിഗായകർ

IV

അതാശ്ശ്രുതികളിൽക്കൂടി
യൊഴുകിച്ചെന്നു ഹൃത്തടം
വഴിഞ്ഞഥ ഗളദ്ധാരാ
നിസ്സരിപ്പൂ കവീന്ദ്രരിൽ.

V

ആമഞ്ജുമംഗളാരാവ-
മധുരാമൃതധാരയിൽ
കുത്തിച്ചാടിയൊലിക്കുന്നു
പദാർത്ഥങ്ങളസംഖ്യമായ്.

VI

ഇടയ്ക്കു ചുഴിയിൽപ്പെട്ടു
താണു മേൽപ്പോട്ടു പൊങ്ങിയും
ഇടയ്ക്കു തങ്ങളിൽത്തന്നെ
കൂട്ടിമുട്ടിയകന്നുമേ

VII

വിശാലഗതിവൈചിത്ര്യം
തടഞ്ഞീടുന്ന വേലകൾ

അവസാനിപ്പതെങ്ങെന്നു
കാണ്മതിന്നെന്നപോലവേ

VIII

ആ നാദധാരയിൽക്കൂടി
യൊഴുകിച്ചെന്ന ചഞ്ചലം
അസ്സമുദ്രത്തിനടിയിൽ
ച്ചെന്നു മിന്നുന്നു നിസ്തുലം (വിശേഷകം)

IX

ഇമ്മട്ടമൃതസമ്പൂൎണ്ണ-
പരമാനന്ദ സിന്ധുവിൽ
നിൎമ്മലാക്ഷരതേജസ്സിൽ
പദാൎത്ഥങ്ങൾ വിളങ്ങവേ

X

വെണ്ണിലാവൊളി മിന്നുന്ന
പാലാഴിക്കോളിലങ്ങിനെ
പ്രതിബിംബിക്കുമമൃത-
മണികുംഭങ്ങളായുമേ

XI

സാധുക്കളായ ലോകക്കോ-
രുപജീവനമാൎഗ്ഗമായ്
ബ്രഹ്മാണ്ഡഭാണ്ഡബന്ധങ്ങ-
ളഴിച്ചപ്പുരമോന്നതൻ

XII

"ഇതാ കണ്ടാലുമെൻവിത്ത-
മെട്ടക്കാ"മെന്ന നാരതം
നിരത്തിവെച്ച സൌവൎണ്ണ-
നിധി ജാലങ്ങളായ്യമേ

XIII

സൎവ്വാൎത്ഥ ജാലങ്ങളെയും
കാണുന്ന കാഴ്ചയുള്ളവൻ
അവൻ പ്രപഞ്ചമറിവോൻ
അവൻ കാവ്യമറിഞ്ഞവൻ. (കുളകം)

# കരുണാദർശനം.

(ഗുണമേറും ഭർത്താവേ--എന്ന രീതി)

അരിയകാരുണ്യത്തിൻ പുണ്യക്ഷേത്രം
നരനുടെ കണ്ണിൽത്തുറന്നിരിപ്പൂ
മറയോനാം മേഴത്തോളഗ്നിഹോത്രി
പറയനാം പാക്കനാർ താനുംപിന്നെ
ധരയിൽനിന്നെത്തിയ പുണ്യവാന്മാർ
നിരവധി നിത്യവും കൺകുളിക്കേ
പെരിയ വാലുള്ളൊരു ധൂമകേതു-
പ്പുരിഷകളൊത്തു തൊഴുതുനില്ക്കേ
കതിരോനൊഴിക്കുന്ന വെള്ളിവെള്ളം
പതിവായ്ത്തെളിയിക്കും കണ്ണുകൊണ്ടേ
അതിലേയ്ക്കാവിണ്ണിലേക്കെത്രനോക്കി
പുതിയവെളിച്ചം കൊതിച്ചമർത്ത്യൻ
കൊടിയോരന്ധത വമിച്ച ധൂമ-
ക്കൊടികളിടഞ്ഞാട്ടം കൺവഴിയിൽ
മരണമേ! നിൻകാററടിച്ചു വേണം
കരുണതൻ ദർശനമെന്നോ വന്നു!

## “കല്പന നടക്കട്ടെ.”

ഒളിച്ചുലോകത്തിൻെറ ഭരണം നടത്തിച്ചു
കളിക്കും തൃക്കൈയെന്നോ കുറിച്ചകുറിമാനം
അസ്പഷ്ടാക്ഷരമങ്ങിങ്ങൊട്ടൊട്ടു മിന്നുന്നുണ്ടാ-
മിപ്പാരിലതുകണ്ടു വായിച്ചവിടപ്പാനില്ല.

എന്തുഭാഷയിലാണതെന്തർത്ഥമെന്താവശ്യ-
മെന്തിലെങ്ങനെയാരുമിന്നോളമറിഞ്ഞീല
എന്തിനു വായിക്കുന്നതത്തൃക്കൈവിളയാട്ട-
മന്തിയുമുഷസ്സുമുണ്ടറിഞ്ഞുനടത്തിപ്പാൻ.

അറിയാതറിഞ്ഞെന്നു നടിച്ചു തലപൊക്കും
നരലോകാഹങ്കാരം ഗൌരവഭാവത്തോടെ
ശരിയല്ലിതൊന്നുമെന്നിങ്ങനെ പലപ്പോഴു-
മുരിയാട്ടമാറുണ്ടതവന്നുംവിലയില്ല.

“ഉത്സവം നടക്കട്ടെ നിത്യവുമെല്ലാടത്തും”
വാത്സല്യക്കുറിപ്പിൻെറ സാരമിങ്ങനെയാകാം.
അല്ലെങ്കിൽപ്പെരുമ്പറതാക്കുമോതന്നുല്ലോല-
കല്ലോലകരങ്ങളാലിമ്മട്ടുപാരാവാരം?

ദ്യോവിലിങ്ങനെനീളെ നിരത്തിക്കൊളുത്തുമോ
കൈവിളക്കാരെങ്കിലുമാവശ്യമില്ലെന്നാകിൽ?
ഇല്ലൊരു തിരുവുള്ളം തെളിയാനെന്നാകിലി-
പ്പുല്ലുകൾപച്ചപ്പട്ടുവിരിച്ചീടുമോമണ്ണിൽ?

അന്തികൾ പണ്ടപണ്ടേ കിട്ടിയ തിട്ടൂരത്തിൻ-
പൊൻതകിടിടയ്ക്കൊന്നു തുടച്ചുവായിക്കയാം.
ഒന്നുവിസ്തരിച്ചുണ്ടു നാളത്തെക്കണക്കെന്നു
തോന്നുന്നു മഹോദ്യമമോരോന്നു കാണുന്നേരം
എന്തൊരു ബഹളമാണെന്തൊരുത്സാഹമാണി-
തെന്തു വിസ്മയമൊന്നിച്ചിളകുന്നല്ലോ ലോകം
കണ്ടവേലികളെല്ലാം തകൎത്തു കളയുന്നു
കണ്ടത്തിൻവരമ്പെങ്ങും കിളച്ചുമറിക്കുന്നു
കുന്നുകൾകുഴിക്കുന്നു കുഴികൾനികത്തുന്നു
നന്നിതു നാളെക്കാണാം നാളത്തെക്കോലാഹലം.
എന്നുമപ്രതിഹതലീലനായ്ജ്ജയിക്കുന്നതട്ടപ്പിള്ളാ
പൊന്നുതമ്പുരാനുടെ കല്പനനടക്കട്ടെ!

# വാതിൽ തുറക്കണേ!

I

വാസരലക്ഷ്മിതൻ സംസ്കാരത്തീപ്പുക
വാനിടത്തെങ്ങും പരന്നപോലെ
പൊങ്ങിപ്പടന്നതമസ്സിലുലകിടം
മങ്ങിയനേരത്തൊരേകാന്തത്തിൽ
എന്നുടൽ പാഴ്കുടിൽക്കൊച്ചുവാതില്ക്കലാരൊ
മന്ദമായ്മുട്ടുന്ന ശബ്ദംകേട്ടേൻ
ഉള്ളിൽജ്വലിക്കുന്ന പാവകജ്വാലയേ
റ്റല്ലിവെന്തുന്നതപ്പാവമാവൊ?
മണ്ണുകൊണ്ടുണ്ടാക്കി വെച്ച ചുമരുകൾ
മാത്രക്കുമാത്രക്കിടിഞ്ഞീടുന്നു

II

നിൎമ്മലമാകുമീവ്യോമാങ്കണത്തിങ്കൽ
സമ്മദോദ്രേകത്താലങ്ങുമിങ്ങും
ഓമനത്താരകപ്പൈതങ്ങളൊത്തുമ-
മ്പോടിക്കളിച്ചോരു കൊച്ചിതല്ലൊ
നിന്തിരുമേനിയിക്കൊച്ചുകിടാവിനെ

ബ്ബന്ധിച്ചതെന്തിനെൻ തമ്പുരാനെ!
സ്വച്ഛന്ദമാകാശദേശത്തിയോമന-
ക്കൊച്ചുകിടന്നു കളിച്ചിടട്ടെ!
ദൈവമേ! നിൻകനിവൊന്നൊഴിഞ്ഞിസ്സാധു
ജീവനരക്ഷയിന്നെന്തുവേറെ?
മോക്ഷകവാടം തുറക്കുന്നതുക്കയ്യാൽ
പൂട്ടുതുറക്കത്തുറക്കവാതൽ.

---

# വെള്ളിത്തോണി

ശാന്തിസൌഭഗമോലുമാകാശത്തടാകത്തിൽ
പൂന്തിങ്കൾപ്പൊളിയല്ലിതഴകിൻവെള്ളിത്തോണി
നീളവേ നിരന്നാശു നീന്തുന്നസിതമേഘ
പാളികൾക്കതിന്നോളം തൊടുവാൻ കഴിഞ്ഞീല

അതിഭാഗ്യത്താലൊരാക്ഷതികൊണ്ടങ്ങെത്തിച്ചേ-
ന്നഴകിൻ ദൃഢാശ്ലേഷമേൽപ്പൂ ഞാൻ പ്രേമോന്മത്തൻ
ഇന്ദുവിൽ—അല്ലല്ലെന്റെ തോണിയിൽ അനുരാഗ-
സുന്ദരചാപല്യത്തോടൊഴുകുന്നു ഞാനിപ്പോൾ
കൃത്യമെന്തകൃത്യമെന്തെനിക്കിന്നാനന്ദത്തിൻ-
നിത്യമാധുരിമോന്തിച്ചാഞ്ചാടിയാടും നേരം
തളരും ഹൃത്തോടെന്റെ ജീവിതസർവ്വസ്വത്തിൻ
തളിർമെയ്യിൽഞാനൊന്നു ചാഞ്ഞുവിശ്രമിച്ചാലോ!

തഴുകും പിടുത്തമെന്നോമനവിടില്ലെങ്കിൽ
തുഴയും തോണിക്കാരൻ ചിരിച്ചാൽച്ചിരിക്കട്ടേ!

DC Library
*00004175*
T61 R14

T61
R14